**യ ഉദ്ധരേത് കരം രാജാ പ്രജാ ധർമേഷ്വശിക്ഷയൻ
പ്രജാനാം ശമലം ഭുങ്ക്തേ ഭഗം ച സ്വം ജഹാതി സ: (4-21-24)**

മൈത്രേയൻ തുടർന്നു:
കൊട്ടരത്തിൽതിരിച്ചെത്തിയ രാജാവിന് ജനങ്ങൾ വരവേൽപ്പു നൽകി. അദ്ദേഹം തന്റെ ജനങ്ങളെ കാര്യക്ഷമതയോടെയും ഭരണനിപുണതയോടെയും ഏറെക്കാലം ഭരിച്ചു. അവസാനം ശരീരമുപേക്ഷിച്ച് പരമപദമണയുകയും ചെയ്തു.

രാജാവിന്റെ സദ്വൃത്തികളെപ്പറ്റി വിദുരൻ ചോദിച്ചതിനുത്തരമായി മൈത്രേയൻ ഇങ്ങിനെ പറഞ്ഞു: വിദുര, ഗംഗയ്ക്കും യമുനയ്ക്കുമിടക്കുമുള്ള പ്രശോഭമായ പ്രദേശമായിരുന്നല്ലോ പൃഥുവിന്റെ രാജ്യം. അവിടെത്താമസിച്ച് രാജാവ് തന്റെ മുൻജന്മകർമ്മഫലമായി ലഭിച്ച സുഖസൗകര്യങ്ങൾ ആസ്വദിച്ച് രാജ്യം ഭരിച്ചു. സ്വയം വന്നുചേർന്ന സുഖസമ്പത്തല്ലാതെ അദ്ദേഹം ഒന്നിനുവേണ്ടിയും ആഗ്രഹിച്ചില്ല. ദിവ്യന്മാരായ മഹൽപ്പുരുഷന്മാരൊഴികെ എല്ലാ ജനങ്ങളേയും അദ്ദേഹം തന്റെ മാർഗ്ഗത്തിലേക്ക് കൊണ്ടുവന്നു. ഒരിക്കൽ അദ്ദേഹം രാജ്യസഭ വിളിച്ചുകൂട്ടി സകലജനങ്ങളേയും അഭിസംബോധന ചെയ്തു സംസാരിച്ചു. മുതിർന്നവരെ വണങ്ങി, സദസ്സിനോട് സംസാരിക്കുന്ന അദ്ദേഹം ആഭരണമണിയാതെതന്നെ സ്വപ്രഭയിൽ തിളങ്ങി കാണപ്പെട്ടു. വാക്കുകളിൽ സംസ്കാരവും, മര്യാദയും, ആത്മാർത്ഥതയും, മധുരിമയും, സ്വാനുഭവ തീഷ്ണതയും കാണായി.

“ശിഷ്ടപരിപാലനവും ദുഷ്ടശിക്ഷണവും രാജാവെന്നനിലക്ക് എന്റെ കടമയത്രെ. പൊതുവേ ജനങ്ങളുടെ സംരക്ഷ, രാജാവിൽ നിക്ഷിപ്തമാണ്. ഞാൻ എന്റെ ധർമ്മം ഭംഗിയായി ചെയ്യുന്നതിലൂടെ പുണ്യമാർജ്ജിക്കുന്നു. ഏതൊരു രാജാവ് തന്റെ പ്രജകളെ ധർമ്മവിചാരത്തെപ്പറ്റി പഠിപ്പിക്കുന്നില്ലയോ, അയാൾ ജനങ്ങളോട് കരംപിരിച്ച് ജീവിക്കുന്നതിലൂടെ പാപമാർജ്ജിക്കുന്നു. ആ രാജാവിന്റെ പുണ്യസമ്പത്ത് നഷ്ടമാവുകയും ചെയ്യും. ഞാൻ നിങ്ങളോട് പ്രാർത്ഥിക്കുന്നതിത്രമാത്രം. ആ ഭഗവാന്റെ താമരപ്പാദങ്ങൾ മനസ്സിലുറപ്പിച്ച് നിങ്ങൾ നിങ്ങളുടെ ധർമ്മത്തിലേർപ്പെട്ടു ജീവിക്കുക. സ്വധർമ്മം അനുഷ്ടിക്കുന്നതിലൂടെ നിങ്ങൾ എനിക്കും പുണ്യഫലം നൽകുന്നു.

നമ്മുടെ ജീവിതത്തിന്റെ ഏകലക്ഷ്യം ഭഗവാൻ നാരായണനെ സാക്ഷാക്കരിക്കുകയെന്നുള്ളതാണ്. മനു, ഉത്താനപാദൻ, ധ്രുവൻ, പ്രിയവ്രതൻ, ബ്രഹ്മാവ്, ശിവൻ, എന്റെ മുത്തച്ഛൻ അംഗൻ, പ്രഹ്ളാദൻ, മഹാബലി തുടങ്ങിയ മഹദ്വ്യക്തികളെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞിട്ടുള്ളതാണത്. എന്നാൽ ചിലർക്കിതു സ്വീകാര്യമല്ലതന്നെ. അവരോട് സഹതപിക്കുകയല്ലാതെന്തു ചെയ്യാൻ. ഭഗവാനെ പ്രാപിക്കുകവഴി എല്ലാ പാപങ്ങളിൽനിന്നും നമുക്ക് തൽക്ഷണം മോചനം ലഭിക്കുന്നു. അതുകൊണ്ട് മനസാവാചാകർമ്മണാ ഭഗവാനെ പൂജിച്ച് ഏതു ജോലിയാണോ നിങ്ങൾക്ക് ജീവനോപാധി, അത് ഭംഗിയായി ചെയ്താലും. ഭഗവാൻ സ്വയം പൂജയും, പൂജ ചെയ്യുന്നയാളും, പൂജിക്കപ്പെടേണ്ടയാളുമത്രേ. ബ്രഹ്മജ്ഞാനം നേടിയ ബ്രാഹ്മണരെ രാജവംശം ഒരിക്കലും നിന്ദിക്കാതിരിക്കട്ടെ. ശുദ്ധി, തപ:ശക്തി, മിതഭാഷണം എന്നിവ ഭൂഷണമായ മഹാത്മാക്കളായ അവരുടെ പാദരേണുക്കൾ എന്റെ നെറ്റിത്തടത്തെ അലങ്കരിക്കട്ടെ.

രാജാവിന്റെ പ്രസംഗം മഹാത്മാക്കളും പുണ്യചരിതരുമായവർക്ക് സന്തുഷ്ടിയേകി. രാജാവിന്റെ ആത്മീയ പ്രഭ അച്ഛനായ വേനന്റെ ദുഷ്ടതയും പാപങ്ങളും പോലും തീർക്കാൻ പര്യാപ്ത മായിരുന്നു. പ്രഹ്ളാദന്റെ ഭക്തി, അച്ഛന് മോക്ഷപ്രാപ്തിയേകാനുതകിയതുപോലെയത്രേ അത്.